## EMI ഓഫറുകൾ, ബാലൻസ് ട്രാൻസ്ഫറുകൾ, കാർഡിനു മേലുള്ള ലോൺ എന്നിവയ്ക്കുള്ള നിയമങ്ങളും വ്യവസ്ഥകളും.

1. തുക, പലിശ നിരക്ക്, കാലാവധി, പ്രൊസസ്സിംഗ് ഫീസുകൾ, പ്രീ-ക്ലോസർ ചാർജ്ജുകൾ എന്നീകാര്യങ്ങൾ, ഈ സൗകര്യങ്ങൾ താങ്കൾക്ക് നൽകുന്ന സമയത്തുതന്നെ താങ്കളെ അറിയിക്കുന്നതാണ്.
2. ബാലൻസ് ട്രാൻസ്ഫർ അല്ലെങ്കിൽ ക്രെഡിറ്റ് കാർഡിനു മേലുള്ള ലോൺ EMI സൗകര്യത്തോടു കൂടിയതോ അല്ലാത്തതോ ആയിരിക്കാവുന്നതാണ്.
3. ഈ സൗകര്യങ്ങൾക്കുവേണ്ടി ഒരു പ്രത്യേക ലോൺ അക്കൗണ്ട് ക്രമീകരിക്കുന്നതാണ്. ഈ അക്കൗണ്ട് നമ്പർ താങ്കളുടെ കാർഡ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിക്കുന്നതും, താങ്കളുടെ ഓരോ അക്കൗണ്ടിലേക്കും താങ്കൾ പ്രത്യേകം പേമെന്റുകൾ ചെയ്യേണ്ടതുമാണ്. താങ്കൾ ഒരു സിംഗിൾ ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന താങ്കളുടെ വിവിധ കാർഡ് അക്കൗണ്ടുകളിലേക്കുള്ള കുടിശ്ശികയ്ക്കുള്ള പേമെന്റുകൾ അടയ്ക്കുകയാണെങ്കിൽ, അത് താങ്കളുടെ ഏതെങ്കിലും ഒരു അക്കൗണ്ട് നമ്പറിന്റെ പേരിൽ എഴുതുകയും, പേമെന്റുകളുടെ അലോക്കേഷനുകൾക്കുള്ള വ്യക്തമായ നിർദ്ദേശങ്ങൾ ചെക്കിന്റെ/ഡിമാന്റ് ഡ്രാഫ്റ്റിന്റെ പിൻവശത്ത് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.
4. വ്യക്തമായി രേഖപ്പെടുത്താത്തപക്ഷം , താങ്കളുടെ ക്രെഡിറ്റ് കാർഡിനു മേൽ അനുവദിച്ചിട്ടുള്ള എല്ലാ ലോണുകളും താങ്കളുടെ ക്രെഡിറ്റ് ലിമിറ്റിന്റെ ഭാഗമായിരിക്കും. അങ്ങനെയുള്ള സാഹചര്യത്തിൽ, താങ്കളുടെ ക്രെഡിറ്റ് കാർഡിനു മേൽ എടുത്തിട്ടുള്ള ലോൺ തുകയിൽ ബാക്കി കുടിശ്ശികയുള്ള തുകവരെ താങ്കളുടെ ക്രെഡിറ്റ് ലിമിറ്റ് ബ്ലോക്ക് ചെയ്യപ്പെടുന്നതാണ്. താങ്കൾ ഓരോ മാസവും EMI/അടയ്ക്കേണ്ടതായ തുക അടയ്ക്കുന്ന മുറയ്ക്ക് താങ്കളുടെ ക്രെഡിറ്റ് ലിമിറ്റ് അടച്ചുതീർത്ത ലോൺ തുകയ്ക്ക് അനുസരണമായി വർദ്ധിക്കുന്നതാണ്.
5. 'അവെയിലബിൾ ക്രെഡിറ്റ് ലിമിറ്റ്' എന്ന് താങ്കളുടെ പ്രതിമാസ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയിൽ, ബാലൻസ് ട്രാൻസ്ഫറുകൾ, അഡ്വാൻസുകൾ, EMI ലോൺ അക്കൗണ്ടുകളിലെ അടയ്ക്കാനുള്ള ബാക്കി തുക മുതലായവ പ്രതിഫലിക്കുന്നുണ്ട്.
6. ഒരു EMI അക്കൗണ്ടിന്, ദയവായി താഴെ കൊടുത്തിട്ടുള്ള ഒരു സ്റ്റേറ്റ്മെന്റിന്റെ സാമ്പിൾ കോപ്പി പരിശോധിക്കുക. EMI അക്കൗണ്ടുകൾക്കുള്ള ഞങ്ങളുടെ ബില്ലിംഗ് സിസ്റ്റം മനസ്സിലാക്കുന്നതിന് ഇത് താങ്കളെ സഹായിക്കും.

Sample Statement



7. EMI ഓരോ മാസവും താങ്കളുടെ അടയ്ക്കാനുള്ള മിനിനം തുകയോടൊപ്പം കൂട്ടിച്ചേർക്കപ്പെടുന്നതാണ്. കൂടാതെ, മിനിമം അടയ്ക്കേണ്ട തുക, രേഖപ്പെടുത്തിയിട്ടുള്ള പേമെന്റ് തീയതിക്കകം പൂർണ്ണായി അടയ്ക്കാത്തപക്ഷ , പീനൽ ചാർജ്ജുകൾ ബാധകമാകുന്നതുമാണ്. അതുകൊണ്ട്, EMIയും മിനിമം അടയ്ക്കേണ്ട തുകയും താങ്കളുടെ ക്രെഡിറ്റ് ലിമിറ്റിന്റെ ഒരു ഭാഗമായിരിക്കും. കുടിശ്ശികയുള്ള തുക (EMI ഉൾപ്പെടെ) ക്രെഡിറ്റ് ലിമിറ്റിൽ കവിയുന്ന പക്ഷ , ബാധകമാകുന്ന ഓവർലിമിറ്റ് ചാർജ്ജുകൾ അടയ്ക്കുന്നതിന് താങ്കൾക്ക് ബാദ്ധ്യത ഉണ്ടായിരിക്കും.

8. ഈ പ്രൊമോഷണൽ ഓഫറുകൾ തെരഞ്ഞെടുക്കപ്പെട്ട കാർഡ് മെമ്പർമാർക്കു മാത്രം ഉള്ളതാണ്. കാർഡ് മെമ്പർമാരെ തെരഞ്ഞെടുക്കുന്നത് പൂർണ്ണമായും സ്റ്റാന്റേർഡ് ചാർട്ടേർഡ് ബാങ്കിന്റെ (''ബാങ്ക്'') വിവേചനാധികാര പ്രകാരം ആയിരിക്കും. ഭാവിയിൽ ബാങ്ക് അതിന്റെ വിവേചനം അനുസരിച്ച് ഇങ്ങനെയുള്ള ഓഫറുകൾ പുറത്തിറക്കാനും പുറത്തിറക്കാതിരിക്കാനും സാദ്ധ്യതയുണ്ട്.

9. ലോൺ തുക, ബാധകമാകുന്ന പലിശ, പ്രൊസസ്സിംഗ് ഫീസ്, സർവ്വീസ് ടാക്സ് (EMIയുടെ പലിശയുടെ മേൽ) എന്നിവ താങ്കളുടെ പ്രതിമാസ ക്രെഡിറ്റ് കാർഡ് സ്റ്റേറ്റ്മെന്റിൽ ബിൽ ചെയ്യുന്നതാണ്.

10. ഏതു സമയത്തും, ഈ നിയമങ്ങളിലും വ്യവസ്ഥകളിലും കൂട്ടിച്ചേർക്കുന്നതിനോ, മാറ്റം വരുത്തുന്നതിനോ, പുതുക്കുന്നതിനോ, വ്യതിയാനങ്ങൾ വരുത്തുന്നതിനോ ഉള്ള അവകാശം ബാങ്ക് കൈവശം വയ്ക്കുന്നു, കൂടാതെ, ഈ സ്കീം ഭാഗീകമായോ അല്ലെങ്കിൽ പൂർണ്ണമായോ, ഈ സ്കീമിനോടു താരതമ്യപ്പെടുത്താവുന്നതോ അല്ലാത്തതോ ആയ മറ്റൊരു സ്കീമിലേക്കു മാറ്റുന്നതിനും, അല്ലെങ്കിൽ ഇത് പൂർണ്ണമായി പിൻവലിക്കുന്നതിനും ഉള്ള അവകാശവും ബാങ്ക് കൈവശം വയ്ക്കുന്നു,

11. മുമ്പ് അടയ്ക്കാനുള്ള പേമെന്റുകൾ അടയ്ക്കാതിരിക്കുകയോ അല്ലെങ്കിൽ കാർഡ് കാൻസൽ ആകുകയോ ചെയ്യുന്ന സാഹചര്യത്തിൽ, ലോൺ നേരത്തേ ക്ലോസ് ചെയ്യുന്നതിനും, കുടിശ്ശികയുള്ള മൊത്തം തുക ഡെബിറ്റ് ചെയ്യുന്നതിനും ഉള്ള അവകാശം സ്റ്റാന്റേർഡ് ചാർട്ടേർഡ് ബാങ്ക് കൈവശം വയ്ക്കുന്നു.

12. ഈ സ്കീമിന്റെ ഫലമായി പങ്കാളികൾക്ക് സഹിക്കേണ്ടിവരുന്നതോ അല്ലെങ്കിൽ ചെലവാകുന്നതോ അല്ലെങ്കിൽ അഭിമുഖീകരക്കേണ്ടിവരുന്നതോ ആയ പ്രവർത്തനങ്ങൾ, അവകാശവാദങ്ങൾ, നഷ്ടങ്ങൾ, ക്ഷ ങ്ങൾ, ചെലവുകൾ, ചാർജ്ജുകൾ മുതലായവയ്യൊന്നും പങ്കാളികൾ ബാങ്കിനെ ഉത്തരവാദിയായി കണക്കാക്കാൻ പാടില്ല.

13. എല്ലാ ഇൻസ്റ്റാൾമെന്റുകളും ചാർജ്ജ് ചെയ്യപ്പെടുന്നതിനു മുമ്പ് താങ്കളുടെ സ്റ്റാന്റേർഡ് ചാർട്ടേർഡ് ബാങ്ക് ക്രെഡിറ്റ് കാർഡ് ക്ലോസ് ചെയ്യപ്പെടുകയോ, അല്ലെങ്കിൽ താങ്കളുടെ EMI അക്കൗണ്ട് നേരേത്ത ക്ലോസ് ചെയ്യപ്പെടുകയോ ചെയ്യുന്നപക്ഷ , പ്രീ-ക്ലോസർ ചാർജ്ജുകൾ ഉൾപ്പെടെയുള്ള ബാക്കി ലോൺ തുക മുഴുവനും ഒരു ഒറ്റ തുകയായി താങ്കളുടെ ക്രെഡിറ്റ് കാർഡ ിൽ ഡെബിറ്റ് ചെയ്യപ്പെടുന്നതാണ്. അതിനു ശേഷം, ഈ തുക താങ്കളുടെ ക്രെഡിറ്റ് കാർഡ് അക്കൗ ണ്ടിലുള്ള കുടിശ്ശികയായി കണക്കാപ്പെടുന്നതും ഫൈനാൻഷ്യൽ ചാർജ്ജുകൾ (ക്രെഡിറ്റ് കാർ ഡുകളുടെ നടത്തിപ്പിനുള്ള നിയമങ്ങളും വ്യവസ്ഥകളും അനുസരിച്ചുള്ള) അതിന് ബാധകമാകു ന്നതും ആയിരിക്കും, അതിനുവേണ്ടിയുള്ള ഭാഗീക പേമെന്റുകൾ നടത്തുകയോ/യാതൊരു പേമെന്റുകളും നടത്താതിരിക്കുയോ ചെയ്യുന്ന സാഹചര്യത്തിലും.

14. ഇവിടെ രേഖപ്പെടുത്തിയിട്ടുള്ള യാതൊരു കാര്യങ്ങളും കാർഡ് മെമ്പർ എഗ്രിമെന്റിലുള്ള നിയമങ്ങളെയോ വ്യവസ്ഥകളെയോ ബാധിക്കുകയോ കോട്ടംവരുത്തുകയോ ചെയ്യുന്നില്ല. ഈ എഗ്രിമെന്റിലെ വ്യവസ്ഥകൾ ബാങ്കിന്റെ കാർഡ് മെമ്പർ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും പുറമേ ഉള്ളവയാണ്, അല്ലാതെ അവയ്ക്ക് പകരമുള്ളവയല്ല.

15. ലോൺ, പലിശ നിരക്ക്, ബാധകമാകുന്ന ചാർജ്ജുകൾ മുതലായവുടെ വിശദ വിവരങ്ങളുമായോ, അല്ലെങ്കിൽ നിയമങ്ങൾ, വ്യവസ്ഥകൾ മുതലായവുമായോ താങ്കൾക്ക് വിയോജിപ്പുണ്ടെങ്കിൽ, 15 ദിവസത്തിനകം താങ്കൾ ബാങ്കിന്റെ ഹെൽപ്പ്ലൈനിൽ വിളിച്ച് ലോൺ കാൻസൽ ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്യാത്തപക്ഷ , ലോണും അതോടൊപ്പം ഇവിടെ രേഖപ്പെടുത്തിയിട്ടുള്ള നിയമങ്ങളും വ്യവസ്ഥകളും താങ്കൾ അംഗീകരിച്ചു എന്നു കരുതപ്പെടുന്നതും, ലോൺ നൽകിയ തുകയ്ക്ക് ഡിമാന്റ് ഡ്രാഫ്റ്റിന്റെ തീയതി മുതലുള്ള പലിശ അടയ്ക്കുന്നതിന് താങ്കൾക്ക് ബാദ്ധ്യത ഉണ്ടായിരിക്കുന്നതുമാണ്.

16. സ്വമേധയാ ഉള്ള യാതൊരു കാൻസലേഷനും അതിനു ശേഷം അനുവദിക്കുന്നതല്ല.

17. താങ്കളുടെ EMI അക്കൗണ്ട് നേരേത്ത ക്ലോസ് ചെയ്യുന്നതിന് ദയവായി ഹെൽപ്പ്ലൈൻ നമ്പരുകളിൽ വിളിക്കുക.